**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3369** **14-07-2022 - ൽ മറുപടിയ്ക്ക്**

**നഗരകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് നഗരകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ, നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പ്രോത്സാഹനം നൽകി വരുന്നു. പദ്ധതി ഘടക പ്രകാരം സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ച വരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകി വരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതി ഘടകത്തിനായി 820 ലക്ഷം രൂപ വകയിരുത്തിയിരുത്തിയിട്ടുണ്ട്.<br><br>“ഞങ്ങളും കൃഷിയിലേക്ക് " പദ്ധതിയുടെ ഭാഗമായി ഒരു സെന്റ് മുതൽ ഉള്ള കൃഷിയിടങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകി വരുന്നു.<br><br>നഗരകൃഷി പദ്ധതി പ്രകാരം പ്രകൃതി സൗഹൃദ ബാഗ് / ചട്ടികളിൽ തുടർ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകി വരുന്നു.<br><br>നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.) മുഖേന ഹരിത നഗരി പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.<br><br>ഹരിത നഗരി പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ കാക്കനാടിന് 10 കി.മി. ചുറ്റളവിലെ നഗര പ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ (മട്ടുപ്പാവ്, വീട്ടുമുറ്റം, പറമ്പുകൾ) ഉടമസ്ഥരുടെ ആവശ്യപ്രകാരം |

| | | | |
|---|---|---|---|
| | | | പ്രകൃതി സൗഹൃദബാഗിലും, ചെടിച്ചട്ടികളിലും തൈകൾ നട്ട് ലഭ്യമാക്കുന്നു. റസിഡന്റ്സ് അസോസിയേഷനുകൾക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് സി.എസ്.ആർ ഫണ്ട് മുഖേനയുള്ള പദ്ധതികളിൽ പച്ചക്കറി തൈകളും പ്രകൃതി സൗഹൃദബാഗ് /ചട്ടികളിൽ പച്ചക്കറി തൈകൾ നട്ടും ലഭ്യമാക്കുന്നു. വി.എഫ്.പി.സി.കെ യുടെ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് കൃഷി ബിസിനസ്സ് കേന്ദ്രകൾ വഴിയും, എറണാകുളം നടുക്കരയിലുള്ള ഹൈടെക് പ്ലഗ്ഗ് നേഴ്സറി, ആലത്തൂരുള്ള പച്ചക്കറി വിത്ത് സംസ്കരണ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും ഗുണമേന്മയുള്ള വിത്തുകളും, നടീൽ വസ്തുക്കളും, ജൈവ ഉൽപാദനോപാധികളും, മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. നഗരവാസികൾക്ക് നേരിട്ടും ടെലിഫോൺ മുഖേനയും കൃഷി സംബന്ധമായ സംശയങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നു. വിള പരിചയം, പച്ചക്കറി കൃഷി, കൂൺ കൃഷി, ജൈവമാലിന്യ സംസ്കരണം എന്നിവയിൽ പരിശീലനം നൽകുന്നു. |

സെക്ഷൻ ഓഫീസർ